## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1701 — 04.10. 2016 ൽ മറുപടിക്ക്

### ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്ജിളവ്

ചോദ്യം
ശ്രീ. പി.ടി.എ.റഹീം

ഉത്തരം
ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നവർക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഇളവുകൾ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ)സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും, വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വൈദ്യുതി നിയമം 2003-ലെ 62,64,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വ്യാവസായിക വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് നിലവിൽ വൈദ്യുതി ചാർജ്ജിനത്തിൽ ഇളവുകളൊന്നും തന്നെ നൽകിവരുന്നില്ല. |

സെക്ഷൻ ഓഫീസർ